ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.12.2024**

## പ്രധാനവാർത്തകൾ

1.) റെയിൽവേ ബോർഡിന്റെ പ്രവർത്തന സ്വാതന്ത്ര്യം ലക്ഷ്യമിടുന്ന റെയിൽവേ ഭേദഗതി ബിൽ ലോക്സഭ ഇന്ന് പരിഗണിച്ചു. വ്യാവസായിക സുരക്ഷയ്ക്കായുള്ള ബോയിലേഴ്സ് ബിൽ 2024 രാജ്യസഭ പാസ്സാക്കി.

2) വയനാട് ദുരന്തത്തിൽ അടിയന്തര സഹായം ഉറപ്പുവരുത്തുന്നതിനായി കേരളത്തിൽ നിന്നുള്ള എംപിമാർ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ചർച്ച നടത്തി.

3) സംസ്ഥാന ഹെലി ടൂറിസം നയത്തിന് അംഗീകാരം നൽകി മന്ത്രിസഭായോഗം.

4) യു.ആർ പ്രദീപും, രാഹുൽ മാങ്കൂട്ടത്തിലും ഇന്ന് എംഎൽഎമാരായി സത്യപ്രതിജ്ഞ ചെയ്തു. മഹാരാഷ്ട്ര മുഖ്യമന്ത്രിയായി ദേവേന്ദ്ര ഫഡ്നാവിസിൻറെ സത്യപ്രതിജ്ഞ നാളെ.

5) പ്രോബ ത്രീ വിക്ഷേപണം സാങ്കേതിക തകരാർ മൂലം മാറ്റിവച്ചതായി ഐ എസ് ആർ ഒ.

6) ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ്, ഗോവ എഫ്.സി-യുമായി ഏറ്റുമുട്ടും.

******************************

## റെയിൽവെ ബിൽ ... (ഇൻട്രോ)

റെയിൽവേ ഭേദഗതി ബിൽ, 2024 ലോക്സഭ ഇന്ന് പരിഗണിച്ചു. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവാണ് ബിൽ അവതരിപ്പിച്ചത്. റെയിൽവേ ബോർഡിന് പ്രവർത്തന സ്വാതന്ത്ര്യം നൽകുക വഴി, റെയിൽ മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ബിൽ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയിസ്)

റെയിൽവേയുടെ സ്വകാര്യവത്കരണത്തിന് ബിൽ പാതയൊരുക്കുമെന്ന് ചർച്ചയിൽ പങ്കെടുത്ത പ്രതിപക്ഷ എംപിമാർ വിമർശനം ഉന്നയിച്ചു. ബോയിലേഴ്സ് ബിൽ 2024 രാജ്യസഭ ഇന്ന് പാസ്സാക്കി. ബോയിലറുകളിൽ തൊഴിലെടുക്കുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതാണ് പ്രസ്തുത ബിൽ.

RNU TVPM

******************************

## വയനാട് - പ്രിയങ്ക

വയനാട് ദുരന്തത്തിൽ കേരളത്തിന് അടിയന്തര സഹായം ഉറപ്പുവരുത്തുന്നതിനായി കേരളത്തിൽ നിന്നുള്ള എംപിമാർ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ചർച്ച നടത്തി. വയനാട്ടിലെ ജനങ്ങളുടെ അവസ്ഥ കേന്ദ്രമന്ത്രിയെ ധരിപ്പിച്ചതായും രാഷ്ട്രീയത്തിനതീതമായി മാനുഷിക പരിഗണന നൽകി ജനങ്ങൾക്ക് സഹായം നൽകണമെന്ന് ആവശ്യപ്പെട്ടതായും വയനാട് എംപി പ്രിയങ്കാ ഗാന്ധി മാധ്യമങ്ങളെ അറിയിച്ചു. ദുരന്തബാധിതർക്ക് അടിസ്ഥാന സൗകര്യങ്ങളും വീടും അടക്കമുള്ളവ അടിയന്തരമായി നിർമ്മിച്ചു നൽകേണ്ടതിൻറെ പ്രാധാന്യം എംപിമാർ കേന്ദ്ര ആഭ്യന്തരമന്ത്രിയെ ബോധ്യപ്പെടുത്തി. ഇത് സംബന്ധിച്ച കേന്ദ്ര തീരുമാനം നാളെയോടെ അറിയാൻ

സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീമതി പ്രിയങ്കാ ഗാന്ധി പറഞ്ഞു.

******************************

## മന്ത്രിസഭ- ഹെലി ടൂറിസം

ഹെലി ടൂറിസം നയത്തിന് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള ഹെലികോപ്റ്റർ സർവ്വീസ് ശൃംഖല സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഹെലി പോർട്ട്സ്, ഹെലി സ്റ്റേഷൻസ്, ഹെലിപാഡ്സ് തുടങ്ങിയവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചും നയത്തിൽ വ്യക്തത വരുത്തിയിട്ടുണ്ട്.

RNU TVPM

******************************

## സ്മാർട്ട്സിറ്റി – മന്ത്രിസഭ

സ്മാർട്ട്സിറ്റി കൊച്ചി പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ സമിതിയുടെ ശിപാർശ അംഗീകരിക്കാനും മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. ടീകോമുമായി ചർച്ചകൾ നടത്തി പരസ്പര ധാരണയോടെ പിന്മാറ്റനയം രൂപകൽപ്പന ചെയ്യാനും മന്ത്രിസഭ തീരുമാനിച്ചു.

******************************

## സത്യപ്രതിജ്ഞ

ചേലക്കര എംഎൽഎ ആയി യു.ആർ. പ്രദീപും, പാലക്കാട് എംഎൽഎ ആയി രാഹുൽ മാങ്കൂട്ടത്തിലും ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിലാണ് സ്പീക്കർ എ.എൻ

ഷംസീർ മുൻപാകെ സത്യപ്രതിജ്ഞ ചെയ്തത്. യു ആർ പ്രദീപ് സഗൗരവവും രാഹുൽ മാങ്കൂട്ടത്തിൽ ദൈവനാമത്തിലുമാണ് സത്യവാചകം ചൊല്ലിയത്.

******************************

## മഹാരാഷ്ട്ര

മഹാരാഷ്ട്ര മുഖ്യമന്ത്രിയായി ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് നാളെ സത്യപ്രതിജ്ഞ ചെയ്യും. മുംബൈ ആസാദ് മൈതാനിൽ വൈകുന്നേരം 5.30 ന് നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ പങ്കെടുക്കും. മൂന്നാം തവണയാണ് ദേവേന്ദ്ര ഫഡ്നാവിസ് മഹാരാഷ്ട്ര മുഖ്യമന്ത്രി സ്ഥാനത്തെത്തുന്നത്. സർക്കാർ രൂപീകരണത്തിനുള്ള അവകാശവാദം ഉന്നയിച്ച് മഹായുതി നേതാക്കൾ ഇന്ന് ഗവർണറെ കണ്ടു.

RNUTVPM

******************************

## വിക്ഷേപണം മാറ്റിവച്ചു

യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ പ്രോബ ത്രീ ദൗത്യത്തിന്റെ വിക്ഷേപണം സാങ്കേതിക തകരാർ മൂലം ISRO മാറ്റിവച്ചു. നാളെ വൈകുന്നേരം 04.12 ലേക്കാണ് ദൗത്യം പുനഃക്രമീകരിച്ചത്. പി എസ് എൽ വി C-59 റോക്കറ്റാണ് ദൗത്യത്തെ ഭ്രമണപഥത്തിൽ എത്തിക്കുക.

******************************

## ആലപ്പുഴ - അപകടം

ആലപ്പുഴയിൽ 5 മെഡിക്കൽ വിദ്യാർഥികളുടെ മരണത്തിനിടയാക്കിയ വാഹനാപകടത്തിൽ, കെഎസ്ആർടിസി ഡ്രൈവറെ പോലീസ് പ്രതിസ്ഥാനത്തുനിന്ന് മാറ്റി. കാർ ഓടിച്ചിരുന്ന വിദ്യാർഥിക്കെതിരെയാണ് ഇപ്പോൾ

കേസെടുത്തിട്ടുള്ളത്. പരിക്കേറ്റ് ഗുരുതരാവസ്ഥയിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ കഴിഞ്ഞിരുന്ന ഒരു വിദ്യാർത്ഥിയെ ഇന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. രണ്ട് വിദ്യാർത്ഥികളെ ആരോഗ്യനില മെച്ചപ്പെട്ടതിനെ തുടർന്ന് വെന്റിലേറ്ററിൽ നിന്നും മാറ്റിയിട്ടുണ്ട്. പരിക്കേറ്റവരുടെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്നാണ് ആശുപത്രിയിൽ നിന്നും ലഭിക്കുന്ന വിവരം. വാഹനാപകടത്തിൽ ജീവൻപൊലിഞ്ഞ ആയുഷ് ഷാജിയുടെയും ബി ദേവാനന്ദന്റെയും സംസ്കാര ചടങ്ങുകൾ ഇന്ന് രാവിലെ നടന്നു.

*****************************

## ഹൈക്കോടതി

ആന എഴുന്നള്ളിപ്പിൽ കൊച്ചിൻ ദേവസ്വം ബോർഡിനെതിരെ രൂക്ഷ വിമർശനവുമായി ഹൈക്കോടതി. മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചാൽ ആന എഴുന്നള്ളിപ്പിനുള്ള അനുമതി പിൻവലിക്കുമെന്ന് കോടതി മുന്നറിയിപ്പ് നല്കി. മതത്തിന്റെ പേരിൽ എന്തുംചെയ്യാൻ സാധിക്കില്ലെന്നും അവിടെയെത്തുന്ന ലക്ഷക്കണക്കിന് ജനങ്ങളെക്കൂടി പരിഗണിക്കേണ്ടതുണ്ടെന്നും ഹൈക്കോടതി വ്യക്തമാക്കി.

RNU TVPM

*****************************

## എം.ആർ.അജിത്കുമാർ

അനധികൃത സ്വത്ത് സമ്പാദനക്കേസിൽ എഡിജിപി എം.ആർ.അജിത്കുമാറിനെ വിജിലൻസ് സംഘം ചോദ്യം ചെയ്തു. തിരുവനന്തപുരത്തായിരുന്നു ചോദ്യം ചെയ്യൽ. ഈ മാസം അവസാനത്തോടെ വിജിലൻസ് സംഘം റിപ്പോർട്ട് കൈമാറുമെന്നാണ് സൂചന.

*****************************

## വിഎൻ വാസവൻ (ഇൻട്രോ)

വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിൻറെ ട്രയൽ റണ്ണിൻറെ കാലഘട്ടത്തിൽ 70 ഓളം കപ്പലുകൾ വന്നുപോയതായി മന്ത്രി വി എൻ വാസവൻ. ഇത് അഭിമാനകരമായ നേട്ടമാണെന്നും മന്ത്രി പറഞ്ഞു. തുറമുഖത്തിൻറെ വാണിജ്യാടിസ്ഥാന ഓപ്പറേഷന് തുടക്കമിട്ടത് സംബന്ധിച്ച പ്രഖ്യാപനവും സർട്ടിഫിക്കറ്റ് കൈമാറലും നിർവഹിക്കുകയായിരുന്നു മന്ത്രി.

**(ഹോൾഡ് വോയ്സ്......)**

*****************************

## പൂജാ ബംപർ

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൻറെ പൂജാ ബംപറിൻറെ ഒന്നാം സമ്മാനം JC 325526 എന്ന ടിക്കറ്റിന്. കൊല്ലം ജയകുമാർ ലോട്ടറീസ് വിറ്റ ടിക്കറ്റിനാണ് 12 കോടി രൂപയുടെ ഒന്നാം സമ്മാനം.

RNUTVPM

*****************************

## കാനനപാത തുറന്നു

വണ്ടിപ്പെരിയാർ - സത്രം – മുക്കുഴി - പുല്ലുമേട് കാനന പാതയിലൂടെയുള്ള ശബരിമല തീർഥാടനം പുനരാരംഭിച്ചു. ഇന്ന് 581 പേരെ കടത്തിവിട്ടു. കനത്തമഴയെത്തുടർന്ന് തീർഥാടകരുടെ സുരക്ഷ മുൻനിർത്തി കാനനപാതയിൽ ഇടുക്കി ജില്ലാ കളക്ടർ നിരോധനം ഏർപ്പെടുത്തിയിരുന്നു.

*****************************

## മഹിളാ കോൺഗ്രസ് പ്രതിഷേധം

രണ്ടര വയസുള്ള കുഞ്ഞിനെ ആയമാർ ക്രൂരമായി ഉപദ്രവിച്ച സംഭവത്തിൽ പ്രതിഷേധിച്ച് മഹിളാ കോൺഗ്രസ്

തിരുവനന്തപുരത്തെ ശിശുക്ഷേമ സമിതി ആസ്ഥാനത്തേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ സംഘർഷം. പ്രവർത്തകർ ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ചതോടെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു. പ്രതിഷേധക്കാരെ പിന്നീട് പോലീസ് ബലം പ്രയോഗിച്ച് അറസ്റ്റ് ചെയ്ത് നീക്കി.

*****************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ്, ഗോവ എഫ്. സി-യുമായി ഏറ്റുമുട്ടും. രാത്രി 7.30ന് ഹൈദരാബാദിലാണ് മത്സരം.

*****************************

## ഏഷ്യാ കപ്പ്

മസ്കറ്റിൽ നടക്കുന്ന ഹോക്കി ജൂനിയർ ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30നാണ് മത്സരം.

RNUTVPM

*****************************

## മത്സ്യത്തൊഴിലാളി ജാഗ്രത

ലക്ഷദ്വീപ് പ്രദേശത്ത് ഇന്നും, നാളെയും ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ, മേഖലയിൽ മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പെടുത്തി. എന്നാൽ കേരള-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസമില്ല.

*****************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 111 പോയിന്റ് ഉയർന്ന് 80,956 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 10 പോയിന്റ് നേട്ടത്തിൽ 24,467 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ മാറ്റമില്ല. പവന് 57,040 രൂപയും ഗ്രാമിന് 7,130 രൂപയുമാണ് ഇന്നത്തെവില.

******************************

## പുലി സാന്നിധ്യം

കണ്ണൂർ ശ്രീകണ്ഠപുരത്തിനടുത്ത് ചെങ്ങളായി എടക്കാനത്ത് പുലിയുടെ സാന്നിധ്യം വനംവകുപ്പ് സ്ഥിരീകരിച്ചു ഇതേത്തുടർന്ന് ഇവിടെ കൂടും സിസിടിവിയും സ്ഥാപിച്ചിട്ടുണ്ട്. രാത്രി ഡ്രോൺ പരിശോധനയും നടത്തും

RNU TVPM

******************************

## പുഷ്പ മേള

പുതുവർഷത്തെ വരവേൽക്കാനായി ടൂറിസം വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പുഷ്പ മേളയും ദീപാലങ്കാരവും ഈമാസം 24 മുതൽ ജനുവരി 3 വരെ കനകക്കുന്നിൽ നടക്കുമെന്ന് മന്ത്രി പി.എ മുഹമ്മദ് റിയാസ്. വൈവിധ്യ പൂർണവും വർണ്ണാഭവുമായ ദീപാലങ്കാരമാണ് ഇത്തവണയും ടൂറിസം വകുപ്പ് ഒരുക്കുന്നത്.

******************************

## ആലത്തൂർ

രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു. അവസാനഘട്ടത്തിൽ

എത്തിയ 76 പോലീസ് സ്റ്റേഷനുകളിൽ നിന്നാണ് ആലത്തൂർ സ്റ്റേഷൻ നേട്ടം കൈവരിച്ചത്. കുറ്റാന്വേഷണങ്ങൾ, ക്രമസമാധാനപാലനം, അടിസ്ഥാന സൗകര്യങ്ങൾ, പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം, ലോക്കപ്പും റെക്കോർഡ് റൂമും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ എന്നിങ്ങനെ നിരവധി മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് മികച്ച പോലീസ് സ്റ്റേഷനുകളെ തെരഞ്ഞെടുത്തത്.

*****************************

## ലക്ഷദ്വീപ് ശുചീകരണം

കേന്ദ്രസർക്കാരിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ, കവരത്തി ദ്വീപ് പഞ്ചായത്തിന്റെ സഹകരണത്തോടെ ലക്ഷദ്വീപ് കടൽത്തീരം ശുചീകരിച്ചു. സി.ബി.സി കവരത്തി ഫീൽഡ് ഓഫീസ് സംഘടിപ്പിക്കുന്ന യുവ ഉൽസവിനു മുന്നോടിയായാണ് ശുചീകരണം നടത്തിയത്. കവരത്തി ദ്വീപ് പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ ടി പി മുത്തുക്കോയ ഉദ്ഘാടനം നിർവഹിച്ചു.

RNU TVPM

*****************************

## വൈക്കം-ഉദ്ഘാടനം

വൈക്കം തന്തൈ പെരിയാർ സ്മാരകവും പെരിയാർ ഗ്രന്ഥശാലയും ഈ മാസം 12 ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിക്കും.

***************************************************************************************************